# പതിമൂന്നാം കേരളനിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 2297 18.06.2014 ൽ മറുപടിക്ക്

**ജനിതക വൈകല്യം ബാധിച്ചവരുടെ ചികിത്സ**

| ചോദ്യം<br>ശ്രീ. സി. ദിവാകരൻ : | മറുപടി<br>ശ്രീ.വി.എസ്.ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
|---|---|
| ജനിതക വൈകല്യം ബാധിച്ചവരുടെ ചികിത്സയ്ക്കും പുനരധിവാസത്തിനും സംസ്ഥാനത്തെ സംവിധാനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ? | വയനാട് ജില്ലയിലെ ആദിവാസി വിഭാഗത്തിലും ചെട്ടി സമുദായത്തിലും പാലക്കാട് ജില്ലയിലെ അട്ടപ്പാടി മേഖലയിലും മലപ്പുറം ജില്ലയിലെ നിലമ്പൂർ മേഖലയിലും ആദിവാസികൾക്കിടയിൽ സിക്കിൾസെൽ അനീമിയ എന്ന ജനിതക രോഗം കണ്ടുവരുന്നു. ഈ രോഗമുള്ളവരെ സ്ക്രീനിംഗ് വഴി കണ്ടെത്തി ലബോറട്ടറി പരിശോധന വഴി രോഗം സ്ഥിരീകരിച്ച് ചികിത്സനൽകുകയും ചെയ്യുന്ന പ്രവർത്തനങ്ങൾ ആരോഗ്യ വകുപ്പ് വഴി നടത്തി വരുന്നുണ്ട്. എൻ.ആർ.എച്ച്.എം പദ്ധതിയിൽ ഉൾപ്പെടുത്തി ഒരു പ്രത്യേക പ്രോജക്ടായാണ് ഇത് നടപ്പിലാക്കി വരുന്നത്. നവജാത ശിശുക്കളിൽ കാണുന്ന നാല് പ്രധാന ജനിതക/മെറ്റബോളിക് രോഗങ്ങളായ ഹൈപ്പോതൈറോയിഡിസം, അഡ്രീനൽ ഹൈപ്പർ പ്ലേസിയ, ഫീനൈൽ കീറ്റോ ന്യൂറിയ, ഗ്ലൂക്കോസ്-6-ഫോസ്ഫേറ്റ് ഡെഫിഷ്യൻസി എന്നീ രോഗങ്ങൾ ശിശുക്കളിൽ രക്ത പരിശോധന നടത്തി കണ്ടെത്തുന്നതിനുള്ള ഒരു പ്രോഗ്രാമും ആരോഗ്യ വകുപ്പ് എൻ.ആർ.എച്ച്.എമ്മുമായി ചേർന്ന് നടപ്പിലാക്കി വരുന്നുണ്ട്. സർക്കാർ മെഡിക്കൽ കോളേജിലും ആരോഗ്യ വകുപ്പിലെ പ്രസവം നടക്കുന്ന പ്രധാന ആശുപത്രികളിലുമാണ് ഈ പരിപാടി ഇപ്പോൾ നടപ്പിലാക്കി വരുന്നത്. ജന്മനാ |

| | | | |
|---|---|---|---|
| | | | ഉള്ള ഹൈപ്പോ തൈറോയിഡിസം ബാധിച്ച കുഞ്ഞുങ്ങളെയാണ് ഈ പരിശോധനയിലൂടെ കൂടുതലായി കണ്ടെത്താൻ കഴിഞ്ഞിട്ടുള്ളത്. ഇവർക്ക് വേണ്ട തുടർ ചികിത്സകളും ലഭ്യമാക്കിവരുന്നുണ്ട്. ജനിതക വൈകല്യം ബാധിച്ചവർക്കുൾപ്പെടെ സർക്കാർ മെഡിക്കൽ കോളേജിലെത്തുന്ന എല്ലാ വിഭാഗം രോഗികൾക്കും ആവശ്യമായ ചികിത്സ നൽകി വരുന്നുണ്ട്. മെഡിക്കൽ കോളേജ് ആശുപത്രികളിൽ ജനിക്കുന്ന കുട്ടികളിൽ നിന്നും സാമ്പിൾ ശേഖരിച്ച് എന്തെങ്കിലും ജനിതക വൈകല്യങ്ങളുണ്ടോ എന്നറിയാൻ വേണ്ടി പബ്ലിക് ഹെൽത്ത് ലാബിൽ അയച്ച് സ്ക്രീനിംഗ് ടെസ്റ്റ് നടത്തി വരുന്നുണ്ട്. |

Manjul

സെക്ഷൻ ഓഫീസർ